ഇ-മെയിൽ:dimskerala@gmail.com വെബ്സൈറ്റ് : www.ims.kerala.gov.in ഫോൺ നം.:0471-2323960

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്**
**തിരുവനന്തപുരം - 14**

വിഷയം:- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - ആയുർവ്വേദ മെഡിക്കൽ ബില്ലുകൾ, റൂൾ 60/61 മെഡിക്കൽ ബില്ലുകൾ എന്നിവയുടെ തുകകൾ മാറി നൽകുന്നതിനുള്ള ചുമതലകൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ജി.ഒ (പി) നമ്പർ- 42/2018/എൽ.ബി.ആർ തീയതി, 19/05/2018.

2) ഉത്തരവ് നമ്പർ - ബി2-12289/2013/ഡി.ഐ.എം.എസ് തീയതി, 15/10/2018

3) നമ്പർ-374/2019 തീയതി, 16/07/2019 പ്രകാരമുള്ള ആയുർവ്വേദ ഡെപ്യൂട്ടി ഡയറക്ടറുടെ കത്ത്.

................

**ഉത്തരവ് നമ്പർ - ബി2-12289/2013/ഡി.ഐ.എം.എസ് തീയതി, 18.10.2019**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ സബോർഡിനേറ്റ് ആഫീസർമാർ കൈകാര്യം ചെയ്യുന്ന സാമ്പത്തിക അധികാരത്തിന്റെ പരിധി വർദ്ധിപ്പിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഇൻഷുറൻസ് മെഡിക്കൽ ആഫീസർമാർ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവർക്ക് പാസ്സാക്കുന്ന മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകളുടെ തുക പിൻവലിച്ച് ഇ.എസ്.ഐ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള ചുമതല നൽകി പരാമർശം (2) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

2,000/- രൂപയ്ക്ക് മുകളിലുള്ള ആയുർവ്വേദ മെഡിക്കൽ ബില്ലുകൾ പാസ്സാക്കുന്നത് ആയുർവ്വേദ ഡെപ്യൂട്ടി ഡയറക്ടറാണെന്നും എന്നാൽ തുക പിൻവലിച്ച് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള അനുവാദം കൂടി നൽകിയാൽ കാലതാമസം ഒഴിവാക്കാനാകുമെന്നും പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(മറുപുറം)

ഈ സാഹചര്യത്തിൽ ആയുർവ്വേദ ഡെപ്യൂട്ടി ഡയറക്ടർ പാസ്സാക്കുന്ന മെഡിക്കൽ ബില്ലുകളുടെ തുകയും റൂൾ 60/61 പ്രകാരമുള്ള മെഡിക്കൽ ബില്ലുകളുടെ തുകയും പിൻവലിച്ച് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള അനുമതി മെഡിക്കൽ ബില്ലുകൾ പാസ്സാക്കാൻ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് നൽകി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.അജിത നായർ.ആർ**
**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ**

സ്വീകർത്താവ്

(1) ജോയിന്റ് ഡയറക്ടർ

(2) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ , ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, ദക്ഷിണമേഖല, കൊല്ലം/മദ്ധ്യമേഖല, എറണാകുളം/ഉത്തരമേഖല, കോഴിക്കോട്

(3) ആയുർവ്വേദ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് - (1) ഫിനാൻസ് ഓഫീസർ

(2) സീനിയർ സൂപ്രണ്ട് (അക്കൗണ്ട്സ്)

(3) എഫ്1 സെക്ഷൻ/എ4 സെക്ഷൻ/വെബ്സൈറ്റ്

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**

Skv-19.10.19